പഠനം

റാശിദുല്‍ ഗനൂശി

സ്ത്രീ: ഖുര്‍ആനിലും മുസ്‌ലിം ജീവിതത്തിലും-2

# 'നീയും നിന്റെ ഇണയും സ്വര്‍ഗത്തില്‍ പാര്‍ക്കുക'

**ശകാരത്തിന്റെയും ശാപത്തിന്റെയും സ്വരമുണ്ട് ബൈബിള്‍ പഴയനിയമത്തിലെയും പുതിയ നിയമത്തിലെയും പരാമര്‍ശങ്ങള്‍ക്ക്. സ്രഷ്ടാവ് കോപിച്ചിരുന്നതായും മനസ്സിലാക്കാം. ഖുര്‍ആന്‍ പരാമര്‍ശങ്ങളിലുടനീളം മനുഷ്യ മഹത്വം ഉയര്‍ത്തിപ്പിടിക്കുന്നതായാണ് കാണാന്‍ കഴിയുക.**

**ആദ്യ** മനുഷ്യന്റെ സൃഷ്ടിപ്പ്, ആദമിന്റെയും ഹവ്വയുടെയും സ്വര്‍ഗപ്രവേശം, സ്വര്‍ഗത്തിലെ ഒരു മരമൊഴിച്ച് ബാക്കി എല്ലാ മരങ്ങളുടെയും കനികള്‍ ഭക്ഷിക്കാമെന്ന അനുവാദം, പിശാചിനെ കരുതിയിരിക്കണമെന്ന താക്കീത്, തെറ്റില്‍ അകപ്പെട്ടത്, ഭൂമിയിലേക്കുള്ള വരവ് - പ്രമുഖ ലോകമതങ്ങളുടെ ആധികാരിക ഗ്രന്ഥങ്ങളിലും സാഹിത്യങ്ങളിലുമെല്ലാം ഈ അടിസ്ഥാന വിഷയങ്ങള്‍ ചര്‍ച്ച ചെയ്യുന്നുണ്ട്. ഖുര്‍ആനിലും ജൂത-ക്രൈസ്തവ മതഗ്രന്ഥങ്ങളിലും ഈ സംഭവപരമ്പരയെക്കുറിച്ച വിവരണങ്ങളുണ്ട്. ഇതിന്റെ പ്രതീകാത്മക വിവരണം പ്ലാറ്റോയുടെ തത്ത്വചിന്തയിലും കാണാം. എന്നാല്‍ ഈ കഥാ വിവരണങ്ങള്‍ക്ക് പ്രത്യക്ഷത്തിലുള്ള സാദൃശ്യമേയുള്ളൂ. ഓരോന്നിലെയും കഥാഖ്യാനത്തിന്റെ ലക്ഷ്യങ്ങളും സൂചനകളും വ്യത്യസ്തമാണ്. ഇക്കാര്യം വ്യക്തമാക്കുന്നതിന് ഖുര്‍ആനിലെയും ജൂത-ക്രൈസ്തവ വേദഗ്രന്ഥങ്ങളിലെയും ഇതുമായി ബന്ധപ്പെട്ട ഭാഗങ്ങള്‍ ഉദ്ധരിക്കാം.

ബൈബിള്‍ പഴയനിയമത്തില്‍ ഉല്‍പ്പത്തി പുസ്തകം, മൂന്നാം ഖണ്ഡികയില്‍ പറയുന്നു:

*"കര്‍ത്താവായ ദൈവം സൃഷ്ടിച്ച വന്യജന്തുക്കളില്‍ ഏറ്റവും കൗശലമേറിയതായിരുന്നു സര്‍പ്പം. അത് സ്ത്രീയോട് ചോദിച്ചു: 'തോട്ടത്തിലെ ഏതെങ്കിലും വൃക്ഷത്തിന്റെ കനി നിങ്ങള്‍ തിന്നുകൂടാ എന്ന് ദൈവം അരുള്‍ ചെയ്തിട്ടുണ്ടോ?' സ്ത്രീ സര്‍പ്പത്തോട് പറഞ്ഞു: 'തോട്ടത്തിലെ വൃക്ഷങ്ങളില്‍നിന്നുള്ള കനികള്‍ ഞങ്ങള്‍ക്ക് തിന്നാം. പക്ഷേ, "തോട്ടത്തിന്റെ നടുവില്‍ നില്‍ക്കുന്ന വൃക്ഷത്തിന്റെ കനി നിങ്ങള്‍ക്ക് തിന്നുകൂടാ. അത് തൊടുക പോലും ചെയ്യരുത്. മറിച്ച് പ്രവര്‍ത്തിച്ചാല്‍ നിങ്ങള്‍ മരിക്കും" എന്ന് ദൈവം അരുള്‍ ചെയ്തിട്ടുണ്ട്.' സര്‍പ്പം സ്ത്രീയോട് പറഞ്ഞു: 'നിങ്ങള്‍ മരിക്കുകയില്ല. അത് തിന്നാല്‍ നിങ്ങളുടെ കണ്ണ് തുറക്കുമെന്നും നന്മതിന്മകളെ തിരിച്ചറിഞ്ഞ് നിങ്ങള്‍ ദൈവത്തെപ്പോലെ ആയിത്തീരുമെന്നും ദൈവത്തിന്നറിയാം.' വൃക്ഷത്തിന്റെ കനി തിന്നാന്‍ നല്ലതും കണ്ണിന് ആനന്ദകരവും ആ വൃക്ഷം ജ്ഞാനപ്രാപ്തിക്ക് കാമ്യവുമാണെന്ന് കണ്ടപ്പോള്‍ സ്ത്രീ അതിന്റെ കനി പറിച്ച് തിന്നു. ഭര്‍ത്താവിന്നും കുറെ കൊടുത്തു. അയാളും തിന്നു. അപ്പോള്‍ ഇരുവരുടെയും കണ്ണുകള്‍ തുറന്നു. തങ്ങള്‍ നഗ്നരാണെന്ന് അവര്‍ അറിഞ്ഞു. അത്തിയിലകള്‍ കൂട്ടിത്തയ്ച്ച് അവര്‍ അര മറച്ചു.*



**ഖുർആൻ കഥയിലെ മരം മനുഷ്യന്റെ ഇഛാശക്തി പരീക്ഷിക്കുന്നതിനുള്ള ഒരു ഉപകരണമാണ്. തീരുമാനത്തിൽ ഉറച്ചുനിൽക്കുന്നുണ്ടോ എന്നാണ് പരീക്ഷിക്കുന്നത്. മനുഷ്യന്റെ സ്വഭാവ സംസ്കരണത്തിനും സാമൂഹികതയുടെ ക്രമീകരണത്തിനും ഒഴിച്ചുകൂടാനാവാത്തതത്രെ ഇഛാശക്തി. അറിവ് എന്നത് മനുഷ്യന് അല്ലാഹു നൽകുന്ന സമ്മാനമാണ്. മനുഷ്യന് നൽകുന്ന ആദരം കൂടിയാണത്.**

*വെയിലാറിയപ്പോൾ തോട്ടത്തിലൂടെ കർത്താവായ ദൈവം നടക്കുന്ന ശബ്ദം അവർ കേട്ടു. ദൈവസന്നിധിയിൽനിന്ന് അകന്ന് മനുഷ്യനും ഭാര്യയും തോട്ടത്തിലെ വൃക്ഷങ്ങൾക്കിടയിൽ ഒളിച്ചു. കർത്താവായ ദൈവം മനുഷ്യനെ വിളിച്ച് 'നീ എവിടെ' എന്ന് ചോദിച്ചു. അയാൾ മറുപടി പറഞ്ഞു: 'ഞാൻ തോട്ടത്തിൽ നിന്റെ ഒച്ച കേട്ടു. നഗ്നനായിരുന്നതിനാൽ എനിക്ക് പേടിതോന്നി. ഞാൻ പോയി ഒളിച്ചു.' ദൈവം ചോദിച്ചു: 'നീ നഗ്നനാണെന്ന് നിന്നോട് ആര് പറഞ്ഞു? തിന്നരുത് എന്ന് ഞാൻ വിലക്കിയിരുന്ന വൃക്ഷത്തിന്റെ കനി നീ തിന്നുവോ? മനുഷ്യൻ പറഞ്ഞു: 'എന്റെ കൂടെ പാർക്കാൻ നീ തന്ന സ്ത്രീ ആ വൃക്ഷത്തിന്റെ കനി എനിക്ക് തന്നു. ഞാൻ അത് തിന്നു – കർത്താവായ ദൈവം അപ്പോൾ സ്ത്രീയോട് ചോദിച്ചു: 'നീ എന്താണ് ഈ ചെയ്തത്?' സ്ത്രീ പറഞ്ഞു: 'സർപ്പം എന്നെ കബളിപ്പിച്ചു. ഞാൻ അത് തിന്നും പോയി.' കർത്താവായ ദൈവം സർപ്പത്തോട് അരുൾ ചെയ്തു:*

*'നീ ഇത് ചെയ്തതിനാൽ*

*എല്ലാ കന്നുകാലികളെക്കാളും*

*എല്ലാ കാട്ടു ജന്തുക്കളെക്കാളും ശപ്തനാണ് നീ.*

*ഉരസ്സുകൊണ്ട് ഇഴഞ്ഞ് നീ നടക്കും.*

*ജീവിതകാലം മുഴുവൻ നീ പൊടി തിന്നും.*

*നീയും സ്ത്രീയും തമ്മിലും, നിന്റെ സന്തതിയും സ്ത്രീയുടെ സന്തതിയും തമ്മിലും ശത്രുത ഞാൻ ഉളവാക്കും. അവൻ നിന്റെ തല ചതയ്ക്കും.*

*നീ അവന്റെ കുതികാലിൽ കൊത്തും.'*

*സ്ത്രീയോട് ദൈവം അരുൾ ചെയ്തു:*

*'നിന്റെ ഗർഭപീഡ ഞാൻ വളരെയേറെ പെരുപ്പിക്കും.*

*നീ മക്കളെ നൊന്ത് പെറും.*

*എന്നാലും ഭർത്താവിനെ നീ കാമിക്കും.*

*അയാൾ നിന്നെ ഭരിക്കുകയും ചെയ്യും.'*

*ആദാമിനോട് അവൻ അരുൾ ചെയ്തു:*

*'ഭാര്യയുടെ വാക്ക് കേൾക്കുകയും തിന്നരുത് എന്ന് ഞാൻ വിലക്കിയിരുന്ന കനി തിന്നുകയും ചെയ്തതിനാൽ, നീ നിമിത്തം ഭൂമി ശപ്തമായിരിക്കും. ജീവിതകാലം മുഴുവൻ അധ്വാനിച്ച് നീ അതിൽനിന്ന് ഭക്ഷണം നേടും.*

*അത് നിനക്ക് കള്ളിയും കാരയും മുളപ്പിക്കും.*

*നീ വയലിലെ സസ്യങ്ങൾ ഭക്ഷിക്കും. മണ്ണിലേക്ക് മടങ്ങിപ്പോകും വരെ. മണ്ണിൽനിന്നാണല്ലോ നിന്നെ എടുത്തിരിക്കുന്നത്. നീ പൊടിയാകുന്നു. പൊടിയിലേക്ക് തന്നെ നീ മടങ്ങും."*

കോറിന്തോസുകാർക്ക് പൗലോസ് എഴുതിയ രണ്ടാം ലേഖന (ഖണ്ഡിക 11)ത്തിൽ പറയുന്നു:

*"സർപ്പം കൗശലത്താൽ ഹവ്വായെ വഞ്ചിച്ചതുപോലെ, ക്രിസ്തുവിനോടുള്ള ആത്മാർഥവും സംശുദ്ധവുമായ ഭക്തിയിൽനിന്ന് നിങ്ങളുടെ ചിന്തകൾ വഴിപിഴപ്പിക്കപ്പെടുമോ എന്ന് ഞാൻ ഭയക്കുന്നു."*

തിമൊത്തയോസിന്ന് പൗലോസ് എഴുതിയ ഒന്നാം ലേഖന (ഖണ്ഡിക 2)ത്തിൽ ഇങ്ങനെയും കാണാം:

*"ആദാമല്ല വഞ്ചനയിൽ കുടുങ്ങിയത്; സ്ത്രീയാണ് വഞ്ചനയിൽ പെട്ടതും അതിക്രമം കാണിച്ചതും"*

ഖുർആൻ എങ്ങനെ ഈ സംഭവ പരമ്പരയെ നോക്കിക്കാണുന്നു എന്ന് നോക്കുക.

*"നിന്റെ നാഥൻ മലക്കുകളോടു പറഞ്ഞ സന്ദർഭം: 'ഭൂമിയിൽ ഞാനൊരു പ്രതിനിധിയെ നിയോഗിക്കുകയാണ്.' അവരന്വേഷിച്ചു: 'ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും ചോര ചിന്തുകയും ചെയ്യുന്നവരെയോ നീ നിയോഗിക്കുന്നത്? ഞങ്ങളോ നിന്റെ മഹത്വം കീർത്തിക്കുന്നു. നിന്റെ വിശുദ്ധി വാഴ്ത്തുകയും ചെയ്യുന്നു.' അല്ലാഹു പറഞ്ഞു: 'നിങ്ങളറിയാത്തത് ഞാനറിയുന്നു.'*

*അല്ലാഹു ആദമിനെ എല്ലാ പേരുകളും പഠിപ്പിച്ചു. പിന്നീട് അവയെ മലക്കുകളുടെ മുന്നിൽ പ്രദർശിപ്പിച്ച് അവൻ കൽപിച്ചു: 'നിങ്ങൾ ഇവയുടെ പേരുകൾ പറയുക, നിങ്ങൾ സത്യം പറയുന്നവരെങ്കിൽ!'*

*അവർ പറഞ്ഞു: 'കുറ്റമറ്റവൻ നീ മാത്രം. നീ പഠിപ്പിച്ചുതന്നതല്ലാതൊന്നും ഞങ്ങൾക്കറിയില്ല. എല്ലാം അറിയുന്നവനും യുക്തിമാനും നീ മാത്രം.'*

*അല്ലാഹു പറഞ്ഞു: 'ആദം! ഇവയുടെ പേരുകൾ അവരെ അറിയിക്കുക.' അങ്ങനെ ആദം അവരെ, ആ പേരുകളറിയിച്ചു. അപ്പോൾ അല്ലാഹു ചോദിച്ചു: 'ആകാശ ഭൂമികളിൽ ഒളിഞ്ഞു കിടക്കുന്നതൊക്കെയും ഞാനറിയുന്നുവെന്ന് നിങ്ങളോട് പറഞ്ഞിരുന്നില്ലേ? നിങ്ങൾ തെളിയിച്ചു കാണിക്കുന്നവയും ഒളിപ്പിച്ചു വെക്കുന്നവയും ഞാനറിയുന്നുവെന്നും?'*

*നാം മലക്കുകളോടു പറഞ്ഞ സന്ദർഭം: 'നിങ്ങൾ ആദമിന് സാഷ്ടാംഗം ചെയ്യുക. അവരൊക്കെയും സാഷ്ടാംഗം പ്രണമിച്ചു. ഇബ്‌ലീസൊഴികെ. അവൻ വിസമ്മതിച്ചു; അഹങ്കരിക്കുകയും ചെയ്തു. അങ്ങനെ അവൻ സത്യനിഷേധികളിൽ പെട്ടവനായി.*

*നാം പറഞ്ഞു: "ആദമേ, നീയും നിന്റെ ഇണയും സ്വർഗത്തിൽ താമസിക്കുക. അതിൽനിന്ന് ഇരുവരും യഥേഷ്ടം സുഭിക്ഷമായി ആഹരിച്ചുകൊള്ളുക. പക്ഷേ, ഈ വൃക്ഷത്തോടടുക്കരുത്. അടുത്താൽ നിങ്ങളിരുവരും അതിക്രമികളായിത്തീരും."*

*എന്നാൽ പിശാച് അവരിരുവരെയും അതിൽനിന്ന് തെറ്റിച്ചു. അവരിരുവരെയും അവരുണ്ടായിരുന്നിടത്തുനിന്നു പുറത്താക്കി. അപ്പോൾ നാം കൽപിച്ചു: "ഇവിടെ നിന്നിറങ്ങിപ്പോവുക. നിങ്ങൾ പരസ്പരം ശത്രുക്കളാകുന്നു. ഭൂമിയിൽ നിങ്ങൾക്ക് കുറച്ചുകാലം കഴിയാനുള്ള താവളമുണ്ട്; കഴിക്കാൻ വിഭവങ്ങളും."*

*"അപ്പോൾ ആദം തന്റെ നാഥനിൽനിന്ന് ചില വചനങ്ങൾ അഭ്യസിച്ചു. അതുവഴി അല്ലാഹു അദ്ദേഹത്തിന് പാപമോചനമേകി. തീർച്ചയായും ഏറെ മാപ്പരുളുന്നവനും ദയാപരനുമാണവൻ."*

*നാം കൽപിച്ചു: "എല്ലാവരും ഇവിടെനിന്നിറങ്ങിപ്പോകണം. എന്റെ മാർഗദർശനം നിങ്ങൾക്ക് വന്നെത്തുമ്പോൾ; എന്റെ മാർഗം പിന്തുടരുന്നവർ നിർഭയരായിരിക്കും; ദുഃഖമില്ലാത്തവരും" (അൽബഖറ 30-38).*

*അൽ അഅ്റാഫ് അധ്യായത്തിൽ* (19-22) ഇങ്ങനെ വന്നിരിക്കുന്നു:

*"ആദം, നീയും നിന്റെ ഇണയും ഈ സ്വർഗത്തിൽ താമസിക്കുക. നിങ്ങൾക്കിരുവർക്കും ഇഷ്ടമുള്ളിടത്തുനിന്ന് തിന്നാം. എന്നാൽ ഈ മരത്തോട് അടുക്കരുത്; നിങ്ങൾ അക്രമികളിൽ പെട്ടുപോകും."*

*പിന്നെ, പിശാച് ഇരുവരോടും ദുർമന്ത്രണം നടത്തി; അവരിൽ ഒളിഞ്ഞിരിക്കുന്ന നഗ്നസ്ഥാനങ്ങൾ അവർക്ക് വെളിപ്പെടുത്താൻ. അവൻ പറഞ്ഞു: "നിങ്ങളുടെ നാഥൻ ഈ മരം നിങ്ങൾക്ക് വിലക്കിയത് നിങ്ങൾ മലക്കുകളായിമാറുകയോ ഇവിടെ നിത്യവാസികളായിത്തീരുകയോ ചെയ്യുമെന്നതിനാൽ മാത്രമാണ്."*

*ഒപ്പം അവൻ അവരോട് ആണയിട്ടു പറഞ്ഞു: "ഞാൻ നിങ്ങളുടെ ഗുണകാംക്ഷി മാത്രമാണ്."*

*അങ്ങനെ അവരിരുവരെയും അവൻ വഞ്ചനയിലൂടെ വശപ്പെടുത്തി. ഇരുവരും ആ മരത്തിന്റെ രുചി ആസ്വദിച്ചു. അതോടെ തങ്ങളുടെ നഗ്നത ഇരുവർക്കും വെളിപ്പെട്ടു. ആ തോട്ടത്തിലെ ഇലകൾ ചേർത്തുവെച്ച് അവർ തങ്ങളുടെ ശരീരം മറയ്ക്കാൻ തുടങ്ങി. അവരുടെ നാഥൻ ഇരുവരെയും വിളിച്ചു ചോദിച്ചു: "ആ മരം നിങ്ങൾക്കു ഞാൻ വിലക്കിയിരുന്നില്ലേ? പിശാച് നിങ്ങളുടെ പ്രത്യക്ഷ ശത്രുവാണെന്ന് നിങ്ങളോട് പറഞ്ഞിരുന്നില്ലേ?"*

## താരതമ്യം

ഈ ഖുർആൻ-ബൈബിൾ കഥാഖ്യാനങ്ങളെ താരതമ്യം ചെയ്തു നോക്കുക. ശകാരത്തിന്റെയും ശാപത്തിന്റെയും സ്വരമുണ്ട് ബൈബിൾ പഴയനിയമത്തിലെയും പുതിയ നിയമത്തിലെയും പരാമർശങ്ങൾക്ക്. സ്രഷ്ടാവ് കോപിച്ചിരുന്നതായും മനസ്സിലാക്കാം. ഖുർആൻ പരാമർശങ്ങളിലുടനീളം മനുഷ്യമഹത്വം ഉയർത്തിപ്പിടിക്കുന്നതായാണ് കാണാൻ കഴിയുക. "ഞാൻ ഭൂമിയിൽ പ്രതിനിധിയെ നിശ്ചയിക്കാൻ പോവുകയാണ്.... ആദമിന് പ്രണാമമർപ്പിക്കൂ."

മനുഷ്യൻ ഉൽക്കടമായി അഭിലഷിക്കുന്ന അറിവിന്റെ പ്രതീകമായാണ് ബൈബിൾ മരത്തെ ചിത്രീകരിക്കുന്നത്. സ്രഷ്ടാവ് അറിവ് ആർജിക്കുന്നതിൽനിന്ന് മനുഷ്യനെ തടയുകയാണ്. മനുഷ്യൻ കണ്ണ് രണ്ടും മൂടിക്കെട്ടപ്പെട്ട് വിവരമില്ലാത്തവനായി തുടരട്ടെ എന്നാണ് സ്രഷ്ടാവിന്റെ ഇംഗിതം. അപ്പോൾ ദൈവത്തെ ധിക്കരിച്ചുകൊണ്ട് മാത്രമേ അറിവ് നേടാനാവുകയുള്ളൂ. അങ്ങനെ ചെയ്താൽ അതിനുള്ള ശിക്ഷ ശാപവും ദൈവകാരുണ്യത്തിൽനിന്ന് പുറന്തള്ളപ്പെടലും ആയിരിക്കും. കോപത്തിന് പാത്രീഭൂതനായി അവൻ ആട്ടിയോടിക്കപ്പെടുക ഭൂമിയിലേക്കായിരിക്കും. ശാപമേറ്റതിനാൽ ജീവിതയാത്രയിലുടനീളം അവർ ക്ലേശിക്കേണ്ടിവരും. എന്നാൽ ഖുർആൻ കഥയിലെ മരം മനുഷ്യന്റെ ഇഛാശക്തി പരീക്ഷിക്കുന്നതിനുള്ള ഒരു ഉപകരണമാണ്. തീരുമാനത്തിൽ ഉറച്ചുനിൽക്കുന്നുണ്ടോ എന്നാണ് പരീക്ഷിക്കുന്നത്. മനുഷ്യന്റെ സ്വഭാവ സംസ്കരണത്തിനും സാമൂഹികതയുടെ ക്രമീകരണത്തിനും ഒഴിച്ചുകൂടാനാവാത്തതത്രെ ഇഛാശക്തി. അറിവ് എന്നത് മനുഷ്യന് അല്ലാഹു നൽകുന്ന സമ്മാനമാണ്. മനുഷ്യന് നൽകുന്ന ആദരം കൂടിയാണത്. "അവൻ എല്ലാ നാമങ്ങളും ആദമിനെ പഠിപ്പിച്ചു."

വിജ്ഞാനത്തിന്റെ അനന്തസാധ്യതകളാണ് ഇവിടെ തുറന്നിടുന്നത്. ദൈവത്തെ അറിയാനും പ്രപഞ്ചത്തിലെ ശക്തി സ്രോതസ്സുകളെ വരുതിയിലാക്കാനും ഊഹാതീതമായ മാറ്റങ്ങൾക്ക് കളമൊരുക്കാനും ഈ അറിവ് പ്രയോജനപ്പെടുത്താം. അറിവ് ആർജിച്ചു എന്നതിനാലാണ് മലക്കുകൾ ആദമിനെ നമിച്ചതും അവനെ സേവിക്കാനായി സജ്ജരായി നിന്നതും. പ്രപഞ്ചത്തെ മുഴുവൻ തന്റെ ഉയർച്ചക്കായി ഉപയോഗപ്പെടുത്താനും അറിവുകൊണ്ട് സാധിക്കും; സ്വാതന്ത്ര്യബോധത്തോടൊപ്പം ഉത്തരവാദിത്വബോധവും ഇഛാശക്തിയും കൂടി ആർജിക്കാനായാൽ അതാണ് മനുഷ്യന്റെ പൂർണത എന്നു പറയുന്നത്. (ഭൂമിയിൽ മനുഷ്യന്റെ ഉൺമ സാധ്യമാക്കിയത് ആദിപാപം കൊണ്ടുണ്ടായ ദൈവകോപമോ ശാപമോ അല്ലതന്നെ). ഈ സമുന്നത ലക്ഷ്യത്തെ കുറിക്കാൻ ഖുർആൻ പ്രയോഗിക്കുന്ന പദം ഖിലാഫ (പ്രതിനിധാനം) എന്നാണ്. 'ഞാൻ ഭൂമിയിൽ പ്രതിനിധിയെ നിശ്ചയിക്കാൻ പോകുന്നു' എന്ന ദൈവപ്രഖ്യാപനത്തിന്റെ അർഥം അതാണ്.

ഇഛാശക്തിയും സ്വാതന്ത്ര്യവും പോരാടാനുള്ള കോപ്പുകളും നൽകി ദൈവം ആദരിച്ച മനുഷ്യൻ, സ്വന്തത്തെയും പ്രകൃതിയെയും ദൈവിക തീരുമാനങ്ങൾക്കൊത്ത് വഴിപ്പെടുത്തുമ്പോഴാണ് അവൻ പൂർണതയിലേക്ക് സഞ്ചരിക്കുക. അപ്പോൾ മാത്രമാണ് സത്യത്തിലും നീതിയിലും സ്വാതന്ത്ര്യത്തിലും അധിഷ്ഠിതമായ, ചൂഷണത്തെയും അതിക്രമത്തെയും പിഴുതെറിയുന്ന ഒരു സമൂഹസൃഷ്ടി സാധ്യമാവുക. ഈശ്വരേഛ സാക്ഷാത്ക്കരിക്കുന്നതിനായി വ്യക്തിഗതമായും സാമൂഹികമായും മനുഷ്യൻ നടത്തുന്ന യത്നങ്ങളും സഹനങ്ങളും, മനുഷ്യത്വത്തിന് പൂർണത കൈവരിക്കാനും അങ്ങനെ ശാശ്വതമായ സ്വർഗീയ ജീവിതം ഉറപ്പുവരുത്താനുമുള്ളതാണ്. ആദ്യത്തെ സ്വർഗപ്രവേശത്തിൽ ഇതിനൊന്നും സജ്ജനാക്കപ്പെട്ടിരുന്നില്ല മനുഷ്യൻ. അവന്റെ ഒരു അനുഭവം മാത്രമാണത്. ആ സ്വർഗവാസം അവന്റെ ഓർമകളിൽ പച്ചപിടിച്ച് നിൽക്കുന്നുണ്ട്. ഒരിക്കൽ തനിക്ക് സ്വർഗം നിഷേധിക്കപ്പെടാൻ ഇടയാക്കിയ കാരണങ്ങളെ കണ്ടറിഞ്ഞ് തട്ടിമാറ്റുക എന്നതായിരിക്കും അവന്റെ ജീവിതപ്പോരാട്ടത്തിന്റെ ലക്ഷ്യം. പിശാചിന്റെ ദുർബോധനങ്ങൾ, ദേഹേഛകൾക്ക് വഴിപ്പെടൽ, സ്രഷ്ടാവിന്റെ കൽപനകൾ ധിക്കരിക്കൽ ഇതൊക്കെ ആയിരുന്നല്ലോ ആ കാരണങ്ങൾ.

മനുഷ്യൻ പോരടിക്കുന്നത് ഭൂമിയിലാണെങ്കിലും അവന്റെ ആത്മാവ് അങ്ങ് സ്വർഗത്തിലേക്ക് ഉറ്റുനോക്കുകയാണ്. സ്വർഗത്തിലെത്താനുള്ള അവന്റെ ആഗ്രഹം ഉൽക്കടമാവുന്നതിന് അനുസരിച്ച് ചൂഷണത്തിനും അതിക്രമങ്ങൾക്കുമെതിരെയുള്ള അവന്റെ പോരാട്ടവും ശക്തിപ്പെടും. ഇടക്കെങ്ങാനും തെറ്റിലേക്ക് വഴുതിപ്പോയാൽ തെറ്റ് തിരുത്തി ആത്മാർഥമായി പശ്ചാത്തപിച്ചാൽ മതി; ആദ്യതെറ്റ് ചെയ്തപ്പോൾ ആദമും ഹവ്വയും പശ്ചാത്തപിച്ചതുപോലെ.

ഹവ്വയെ വഴിപിഴപ്പിച്ചത് സർപ്പവും ആദാമിനെ വഴിപിഴപ്പിച്ചത് ഹവ്വയുമാണെ

ന്നും, സർവജ്ഞരും ശാശ്വതരുമായി സ്വർഗത്തിൽ കഴിയാനാണ് ഇത് ചെയ്തതെന്നുമാണ് ബൈബിൾ വിവരണം. ദൈവം ആദമിനെ ശകാരിക്കുന്നുണ്ടെങ്കിലും വഴിതെറ്റിച്ചതിന്റെ പാപഭാരം ചുമത്തുന്നത് ഹവ്വയിലാണ്. ഗർഭധാരണത്തിന്റെയും പ്രസവത്തിന്റെയും വേദന, ഭർത്താവിന് വിധേയപ്പെടൽ തുടങ്ങിയവ ശിക്ഷയായി ദൈവം അവൾക്ക് നൽകുകയും ചെയ്തു. ഭാര്യ പറഞ്ഞത് കേട്ട് ദൈവകൽപന ലംഘിച്ചതിന് ഭൂമിയിൽ ക്ലേശപൂർണമാവട്ടെ പുരുഷന്റെ ജീവിതം എന്നും ശപിച്ചു. 'ആദാമല്ല വഞ്ചനയിൽ കുടുങ്ങിയത്; സത്രീയാണ്, വഞ്ചനയിൽ പെട്ടതും അതിക്രമം കാണിച്ചതും' എന്ന് പറഞ്ഞതിലൂടെ ആദമിനെ കുറ്റവിമുക്തനാക്കുകയും പാപഭാരം സ്ത്രീയിൽ കെട്ടിയേൽപ്പിക്കുകയുമാണ് ചെയ്യുന്നത്.

സ്ത്രീയെക്കുറിച്ച് ഇത്തരം വിശ്വാസ സങ്കൽപങ്ങൾ പുലർത്തുന്ന ഒരു സമൂഹം അവളെ നിന്ദിക്കുകയും അപശകുനമായി കാണുകയും പിശാചിന്റെ കെണിയായി അവളെ ചിത്രീകരിക്കുകയും ചെയ്തു. അവരുടെ വീക്ഷണത്തിൽ, എല്ലാ തിന്മകളുടെയും ദുരന്തങ്ങളുടെയും ഉറവിടം സ്ത്രീയാണ്. ആദിപാപവുമായി ബന്ധപ്പെടുത്തി ലൈംഗിക ബന്ധത്തെ അവർ പുഛത്തോടെയും അറപ്പോടെയും കാണുന്നു. സ്ത്രീയുമായുള്ള ലൈംഗികബന്ധം ദൈവകോപം ക്ഷണിച്ചു വരുത്തുന്ന മാലിന്യമായി കരുതുന്നതാണ് പൗരോഹിത്യ സങ്കൽപങ്ങളുടെ അടിസ്ഥാനം തന്നെ. അതിനാൽ സ്ത്രീക്ക് ആത്മാവുണ്ടോ ഇല്ലേ എന്ന് ചർച്ച ചെയ്യാൻ ചർച്ച് സഭ വിളിച്ചു ചേർത്തതിൽ അത്ഭുതമില്ല. പതിനാറാം നൂറ്റാണ്ടിൽ അരങ്ങേറിയ ഈ നീണ്ട ചർച്ച ഫ്രാൻസിൽ ഒടുവിൽ ഒരു തീരുമാനത്തിലെത്തി; സ്ത്രീക്ക് ആത്മാവുണ്ട്, പക്ഷേ, അത് പിശാചിന്റെ ആത്മാവാണ്!

ഇനി ഖുർആനിലെ ചിത്രീകരണത്തിലേക്ക് വരിക. ദൈവം മനുഷ്യന് നൽകിയ ആദരവ്, ആദമിനും ഹവ്വക്കും തുല്യമായി പങ്കുവെച്ച് കൊടുക്കുകയാണ്; 'ആദമേ, നീയും നിന്റെ ഇണയും സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളുക. നിങ്ങൾ രണ്ട് പേരും യഥേഷ്ടം ഭക്ഷിച്ചുകൊള്ളുക' (*അൽബഖറ* 35). പിശാച് രണ്ട് പേരോടും ദുർബോധനം നടത്തിയിട്ടുണ്ടെന്നും രണ്ട് പേരെയും വഴിതെറ്റിച്ചിട്ടുണ്ടെന്നും പറയുന്നു (*അൽ അഅ്റാഫ്* 20, *അൽബഖറ* 36) തങ്ങൾ അതിക്രമം ചെയ്തുപോയി, അതിനാൽ കാരുണ്യം ചൊരിയേണമേ എന്ന് രണ്ടു



**ഇഛാശക്തിയും സ്വാതന്ത്ര്യവും പോരാടാനുള്ള കോപ്പുകളും നൽകി ദൈവം ആദരിച്ച മനുഷ്യൻ, സ്വന്തത്തെയും പ്രകൃതിയെയും ദൈവിക തീരുമാനങ്ങൾക്കൊത്ത് വഴിപ്പെടുത്തുമ്പോഴാണ് അവൻ പൂർണതയിലേക്ക് സഞ്ചരിക്കുക. അപ്പോൾ മാത്രമാണ് സത്യത്തിലും നീതിയിലും സ്വാതന്ത്ര്യത്തിലും അധിഷ്ഠിതമായ, ചൂഷണത്തെയും അതിക്രമത്തെയും പിഴുതെറിയുന്ന ഒരു സമൂഹ സൃഷ്ടി സാധ്യമാവുക.**

പേരും ഒരേ സ്വരത്തിലാണ് കുറ്റസമ്മതം നടത്തുന്നത് (*അൽഅഅ്റാഫ്* 23). ആദമിന്റെ പശ്ചാത്താപം സ്വീകരിച്ചു എന്ന് പിന്നീട് പറയുന്നുണ്ട് (*അൽബഖറ* 37).

ഈ കഥ പരാമർശിക്കുമ്പോൾ ഖുർആൻ ചിലയിടങ്ങളിൽ ആദമിനെപ്പറ്റി മാത്രമേ പറയുന്നുള്ളൂ. അവിടങ്ങളിൽ ആദം എന്നാൽ മനുഷ്യകുലം എന്നാണ് അർഥമെന്ന് തഫ്സീറുൽ മനാറിലെ മുഹമ്മദ് അബ്ദുവിന്റെ അഭിപ്രായം ഉദ്ധരിച്ച് നാം സമർഥിക്കുകയുണ്ടായി. അല്ലാഹു ആദമിന്റെ പശ്ചാത്താപം സ്വീകരിച്ചതായി ഖുർആൻ പ്രത്യേകം എടുത്തു പറയുന്നത്, ആദമിന്റെ ആദിപാപം അദ്ദേഹത്തിന്റെ സന്താനപരമ്പരകളിലും മുദ്രിതമാണെന്നും ആ പാപത്തിൽനിന്ന് മനുഷ്യരാശിയെ രക്ഷിക്കാനാണ് യേശു വന്നതെന്നുമുള്ള ക്രിസ്തീയ വിശ്വാസത്തിന് മറുപടിയായിട്ടാണെന്നും മുഹമ്മദ് അബ്ദു പറയുന്നുണ്ട്.[1]

അതായത് അവനവൻ ചെയ്യുന്ന കർമങ്ങളുടെ ഉത്തരവാദിത്വം അവനവൻ തന്നെ വഹിക്കണം. 'ഭാരം ചുമക്കുന്ന ഒരുവനും മറ്റൊരുവന്റെ ഭാരം ചുമക്കുകയില്ല' (*അൽഅൻആം* 164). 'മനുഷ്യന് താൻ പ്രയത്നിച്ചതല്ലാതെ യാതൊന്നുമില്ല' (*അന്നജ്മ്* 39). തെറ്റുകാരി ഹവ്വമാത്രമാണെന്ന് സൂചന നൽകുന്ന യാതൊന്നും ഖുർആനിലോ ഹദീസിലോ ഇല്ലെങ്കിലും, ഒട്ടുവളരെ പൗരാണിക ഖുർആൻ വ്യാഖ്യാന കൃതികളിൽ ബൈബിൾ കഥയെ ഉപജീവിച്ചുള്ള പരാമർശങ്ങൾ സമൃദ്ധമായി കാണാം. വേദക്കാരിൽനിന്ന് ഇസ്ലാം സ്വീകരിച്ച വഹബുബ്നു മുനബ്ബഹ് പോലുള്ളവരുടെ കൃതികളിലാണ് ഇത് കൂടുതലും. 'ഖുർആൻ വ്യാഖ്യാതാക്കളുടെ നേതാവ്' ആയ അബൂജഅ്ഫർ ത്വബ്രി പോലും ജൂത-ക്രൈസ്തവ ഗ്രന്ഥങ്ങളിൽ മാത്രമുള്ളതും ഇസ്ലാം പുറംതള്ളിയതുമായ ഇത്തരം കഥകൾ ഉദ്ധരിക്കുന്നുണ്ട്. ഇബ്ലീസിന്റെ പ്രലോഭനങ്ങളിൽ കുടുങ്ങി ആദ്യം മരത്തിന്റെ കനി തിന്നത് ഹവ്വയാണെന്ന് ഖുർത്വുബി എടുത്തുദ്ധരിച്ച ഒരു റിപ്പോർട്ടിൽ ഉണ്ട്. ആരുടേതാണ് ഈ റിപ്പോർട്ട് എന്നു പോലും അദ്ദേഹം വ്യക്തമാക്കിയിട്ടില്ല. ഇബ്ലീസ് ആദ്യം സംസാരിച്ചത് ഹവ്വയോടാണ് എന്നും അതിലുണ്ട്.[2]

ഇത്തരം ക്രൈസ്തവ-ഇസ്രയേലീ പുരാവൃത്തങ്ങൾ ഖുർആൻ വ്യാഖ്യാന കൃതികളിലേക്ക് കടന്നു കയറിയതിൽനിന്ന് മനസ്സിലാക്കാം, ഇസ്ലാമിക ചിന്തയിൽ അവയുടെ സ്വാധീനം എത്രയുണ്ടെന്ന്. മുസ്ലിംകളുടെ സാംസ്കാരികവും ശിക്ഷണപരവുമായ രൂപമാതൃകകൾ സംവിധാനിക്കുന്നതിലും ഇസ്രയേലി പുരാവൃത്തങ്ങളിലെ സ്ത്രീ വിരുദ്ധത നന്നായി സ്വാധീനിച്ചിട്ടുണ്ട്. പക്ഷേ, ഇസ്ലാമിന്റെ കുപ്പായമിട്ടുകൊണ്ടാണ് ഈ സ്ത്രീ വിരുദ്ധത പുറത്ത് വന്നതെന്ന് മാത്രം. അങ്ങനെ ഈ രൂപമാതൃകകൾ സ്ത്രീകളെ നിന്ദിക്കുന്നതിനും നാഗരിക വളർച്ചയിൽ അവരുടെ പങ്ക് തച്ചുടക്കുന്നതിനുമുള്ള ഉപകരണങ്ങളായി വർത്തിച്ചു.

ഉസ്താദ് സയ്യിദ് ഖുത്ബ് തന്റെ *ഫീ ദിലാലിൽ ഖുർആനിൽ* ആദം-ഹവ്വ

സംഭവം വിവരിക്കുന്നേടത്ത് മനുഷ്യന്റെയും മനുഷ്യ ബന്ധങ്ങളുടെയും പൂർണതയും അറിവിന്റെ രീതി ശാസ്ത്രവും ചർച്ച ചെയ്യുന്നുണ്ട്. ചില ഭാഗങ്ങൾ ഉദ്ധരിക്കാം.

"ഭൂമിയിലേക്ക് ഞാൻ പ്രതിനിധിയെ നിശ്ചയിക്കുന്നു എന്ന് അല്ലാഹു പറഞ്ഞു. അപ്പോൾ ആദ്യം തൊട്ടേ ആദം ഈ ഭൂമിയിലേക്ക് വേണ്ടി സൃഷ്ടിക്കപ്പെട്ടവനാണ്. എങ്കിൽ പിന്നെ എന്തിന് ഈ വിലക്കപ്പെട്ട മരം? ആദമിന് എന്തിന് ഈ പരീക്ഷണം? ആദ്യം മുതൽക്കേ ഭൂമിയിലേക്ക് സൃഷ്ടിക്കപ്പെട്ടവനായിരുന്നെങ്കിൽ സ്വർഗത്തിൽനിന്ന് ഇറക്കിവിടലും മറ്റും എന്തിനായിരുന്നു? എനിക്ക് തോന്നുന്നത്, മനുഷ്യനെ സ്ഫുടം ചെയ്തെടുക്കാനുള്ള ഒരു ശിക്ഷണ പ്രക്രിയയായിരുന്നു ഈ അനുഭവം. അവന്റെ ഉണ്മയിൽ അന്തർലീനമായ ശക്തികളെ തൊട്ടുണർത്തൽ. വഴിതെറ്റലുകളെ അഭിമുഖീകരിക്കാനും കർമഫലം രുചിച്ചറിയാനും ഖേദത്തെ സക്രിയമായി ഉപയോഗിക്കാനും ശത്രുവിനെ തിരിച്ചറിയാനും ഒടുവിൽ സുരക്ഷിതമായി അഭയസ്ഥാനത്ത് ചെന്ന് ചേരാനും വേണ്ടി."

"വിലക്കപ്പെട്ട മരം, പ്രലോഭനങ്ങൾ തൊട്ടുകാണിച്ചുള്ള പിശാചിന്റെ ദുർബോധനം, ദൈവിക കരാർ മറന്നുപോകൽ, ഖേദവും പശ്ചാത്താപവും ഇതെല്ലാം മനുഷ്യ ജീവിതത്തിൽ എന്നുമെന്നും ആവർത്തിച്ചുകൊണ്ടിരിക്കുന്ന അനുഭവങ്ങളാണ്. ഈ അനുഭവങ്ങളിലൂടെ കടന്നുപോയി ഊർജം സംഭരിച്ചാൽ മാത്രമേ ദൈവത്തിന്റെ പ്രതിനിധി എന്ന സ്ഥാനത്ത് നിൽക്കാൻ അവൻ യോഗ്യത നേടുന്നുള്ളൂ എന്നതാണ് ദൈവിക നടപടിക്രമം. നിരന്തരമായ പോരാട്ടങ്ങളിലേക്കുള്ള മുന്നൊരുക്കവും മുന്നറിയിപ്പുമാണിത്."[3]

**ക്രൈസ്തവ-ഇസ്രയേലീ പുരാവൃത്തങ്ങൾ ഖുർആൻ വ്യാഖ്യാനകൃതികളിലേക്ക് കടന്നു കയറിയതിൽനിന്ന് മനസ്സിലാക്കാം, ഇസ്‌ലാമിക ചിന്തയിൽ അവയുടെ സ്വാധീനം എത്രയുണ്ടെന്ന്. മുസ്‌ലിംകളുടെ സാംസ്കാരികവും ശിക്ഷണപരവുമായ രൂപമാതൃകകൾ സംവിധാനിക്കുന്നതിലും ഇസ്രയേലി പുരാവൃത്തങ്ങളിലെ സ്ത്രീ വിരുദ്ധത നന്നായി സ്വാധീനിച്ചിട്ടുണ്ട്. പക്ഷേ, ഇസ്‌ലാമിന്റെ കുപ്പായമിട്ടുകൊണ്ടാണ് ഈ സ്ത്രീ വിരുദ്ധത പുറത്ത് വന്നതെന്ന് മാത്രം.**

ഇങ്ങനെ ആദമിനെപ്പോലെ ദൈവത്താൽ നേരിൽ സൃഷ്ടിക്കപ്പെട്ട, അവനെപ്പോലെ സ്വതന്ത്ര വ്യക്തിത്വമുള്ള സ്ത്രീ അവന്റെ കേവലം ആജ്ഞാനുവർത്തിയും അവന്റെ ഏതോ ഒരു വാരിയെല്ലും ആയിത്തീർന്നതിൽ ഒട്ടും അത്ഭുതമില്ല. കാരണം ജൂത-ക്രൈസ്തവ മത സാഹിത്യങ്ങളിൽ അവൾ അങ്ങനെയാണ് സ്ഥാനപ്പെട്ടു കിടക്കുന്നത്. പക്ഷേ, ഇതിനേക്കാൾ വലിയ അത്ഭുതം, ഇതര വിശ്വാസ സംഹിതകളിൽ അടിഞ്ഞു കൂടിയ ഈ മാലിന്യം ഇസ്‌ലാമിലേക്ക് ചേർത്തുപറയാൻ ശ്രമങ്ങൾ നടക്കുന്നു എന്നതാണ്. ദുർബലരാക്കപ്പെട്ട ജനസമൂഹങ്ങളുടെ നീതിക്കും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള സമരങ്ങളെ തകർത്തുകളയാൻ ഏകാധിപത്യ, ചൂഷണശക്തികൾ മെനഞ്ഞുണ്ടാക്കിയ ഈ കുതന്ത്രം നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. ■

(തുടരും)

1. *തഫ്സീറുൽ മനാർ* 1/282–283
2. *അൽ ജാമിഉ ലിൽ അഹ്കാമിൽ ഖുർആൻ* 1/207
3. *ഫീ ദിലാലിൽ ഖുർആൻ* 1/61, ദാറുശ്ശുറൂഖ്